പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3023 07/02/2018-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് സംവരണതത്വം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>" കെ. മുരളീധരൻ<br>" അനിൽ അക്കര<br>" എ.പി. അനിൽ കുമാർ: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് എൽ.പി മുതൽ ഹയർസെക്കന്ററി തലം വരെ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് സംവരണതത്വം പാലിക്കപ്പെടാറുണ്ടോ; | (എ) ഇല്ല. |
| (ബി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളിൽ പട്ടികജാതിയിലും, പട്ടികവർഗ്ഗവിഭാഗത്തിലുമുള്ള എത്ര അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; അവർ ഈ മേഖലയിലെ ആകെ അദ്ധ്യാപകരുടെ എത്ര ശതമാനം ആണെന്ന് വ്യക്തമാക്കാമോ; | (ബി) പൊതുവിദ്യാഭ്യാസം, ഹയർസെക്കണ്ടറി എന്നീ വകുപ്പുകളിലെ പട്ടിക ജാതിയിൽപ്പെട്ട അദ്ധ്യാപകർ 371 ഉം പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകർ 65 ഉം ആണ്, പൊതുവിദ്യാഭ്യാസ വകുപ്പിൽ ആകെ അദ്ധ്യാപകരുടെ 0.35% പട്ടികജാതിയിൽ പ്പെടുന്നവരും 0.06% പട്ടിക വർഗ്ഗത്തിൽപ്പെടുന്നവരും, ഹയർസെക്കന്ററി വിഭാഗത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ ആകെ അദ്ധ്യാപകരുടെ 0.2% വും ആണ്. |
| (സി) സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ സംവരണതത്വം പാലിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് നിയമസഭയുടെ യുവജനക്ഷേമവും, യുവജനകാര്യവും സംബന്ധിച്ച സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നടപടി വ്യക്തമാക്കുമോ?. | (സി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ